ആയിരം ഹെക്ററർ വരുന്ന സ്ഥലത്താണ് കല്ലട പദ്ധതിയിൽ നിന്നോ അല്ലെങ്കിൽ പമ്പാ പദ്ധതിയിൽ നിന്നോ ഇന്നു ജല സേചന മാർഗ്ഗം നീട്ടിക്കൊണ്ടു പോകാൻ സാധിക്കാതെ വന്നിട്ടുള്ളത്. ഈ രണ്ടു പദ്ധതികളും ആവിഷ്ക്കരിക്കുന്ന കാലത്തുതന്നെ ഈ പ്രദേശത്തു ജലസേചനം നടത്താമെന്ന ഒരു നിഗമനം ഉണ്ടായിരുന്നില്ല. ഇതേ വരെയും അതിനെക്കുറിച്ചുള്ള ആക്ഷേപം ഉണ്ടാകാതിരുന്നതിൽ നിന്നു തന്നെ അതു വളരെ വ്യക്തമാണ്. ഈ പ്രദേശത്തു പ്രത്യേകമായിട്ടുള്ള ഭൂപ്രകൃതി കണക്കിലെടുക്കുമ്പോൾ കല്ലട ജല സേചന പദ്ധതിയിൽ നിന്നും ഈ കോന്നി കനാലിനു വീതി കൂട്ടി ആ കനാലിൽ കൂടി അച്ചൻ കോവിലാറു കടന്നു അതിന്റെ വടക്കേ വശമുള്ള പത്തനംതിട്ട താലൂക്കിൽ പെട്ട ഈ പഞ്ചായത്തുകൾക്കു ജലസേചനം നീട്ടിക്കൊണ്ടു പോകണമെങ്കിൽ സുമാർ കണക്കെടുക്കുമ്പോൾ ഒരു കോടി മുപ്പത്തു ലക്ഷം രൂപ ചെലവു വരുന്നുണ്ട്. അതുമൂലം ഗുണം ലഭിക്കുന്നത് ഏതാണ്ട് ആയിരം ഹെക്ററർ ഭൂമിക്കാണ്. ഇതു സാമാന്യേന വൈദഗ്ദ്ധ്യമുള്ള ആളുകൾ പരിശോധിക്കാതെ തന്നെ നമുക്കെല്ലാം തന്നെ ഒരു എക്കണോമിക്ക് പ്രൊപ്പോസിഷൻ അല്ലെന്നു മനസ്സിലാക്കാൻ പ്രയാസമില്ല. അതുകൊണ്ടാണ് അതിനുവേണ്ടി ശ്രമിക്കാതിരുന്നിട്ടുള്ളത്. മറെറാരു നിർദ്ദേശമുണ്ടായതു പമ്പാ പ്രോജക്ററിൽനിന്നും ഈ നാലഞ്ചു പഞ്ചായത്തുകളിലെ ആയിരം ഹെക്ററർ സ്ഥലത്തു ജലസേചനം നടത്താൻ മാർഗ്ഗമുണ്ടോ എന്നുള്ളതാണ്. അതും പരിശോധിക്കേണ്ട കാര്യമാണ്. അതും ഇതു പോലെ കോന്നി കനാൽ വീതിപ്പെടുത്തി ജലസേചനം ചെയ്യാൻ സാധിക്കുന്നതു പോലെ പമ്പാ പദ്ധതിയിൽ നിന്നും പററുകയില്ല. നേരെ മറിച്ച് അവിടെ ഒരു ടണൽ ഉണ്ടാക്കി, ആലുവായിൽ മണ്ണാർകുളഞ്ഞി എന്ന സ്ഥലത്തു ഒരു ടണൽ ഉണ്ടാക്കി ആ ടണൽ വഴി വേണം ഈ പ്രദേശത്തേയ്ക്ക് കൊണ്ടു വരാൻ. അങ്ങനെ കൊണ്ടു വന്നാൽ ഈ പറഞ്ഞ എല്ലാ പഞ്ചായത്തുകളിലും ജലസേചനം നടത്താൻ കഴിയുമോ എന്നു പരീക്ഷിച്ചു തന്നെ നോക്കണം. അതിന്റെ അന്വേഷണങ്ങൾ നടന്നു കൊണ്ടിരിക്കുകയാണ്. ഈ അടുത്ത കാലഘട്ടത്തിൽ ഇക്കാര്യത്തെ സംബന്ധിച്ച് ഡി. ഡി. സി. യിൽ പ്രതിപാദിക്കുകയുണ്ടായി. ഈ ആവശ്യം ഉന്നയിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിലാണ് ചില അന്വേഷണങ്ങൾ ഇപ്പോഴും നടത്തിക്കൊണ്ടിരിക്കുന്നത്. പമ്പയിൽനിന്നും നീട്ടിക്കൊണ്ടുപോയി ജലസേചനം നടത്തണമെന്ന കാര്യം ഇതേവരെ ഉപേക്ഷിച്ചിട്ടില്ല. നേരെ മറിച്ച് കല്ലട പ്രോജക്ററിൽനിന്നും നീട്ടിക്കൊണ്ടു പോകുന്ന കാര്യം അതിന്റെ അസാദ്ധ്യമായ ചെലവു പരിഗണിച്ച് വേണ്ടെന്നു വച്ചിരിക്കുകയാണ്. നേരെ മറിച്ച് പമ്പയെ സംബന്ധിച്ച കാര്യം ഇപ്പോഴും അന്വേഷണത്തിലിരിക്കുകയാണ്. അതു സാധിക്കുമെങ്കിൽ ഈ ആയിരം ഹെക്ററർ സ്ഥലത്തുകൂടി ജലസേചനം നീട്ടിക്കൊണ്ടു പോകാനുള്ള മാർഗ്ഗം ഗവൺമെൻറ് ആരായുമെന്നും പറയാൻ ഞാനാഗ്രഹിക്കുന്നു.

III. മേശപ്പുറത്തു വയ്ക്കുന്ന കടലാസുകൾ

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ): സർ, ഞാൻ താഴെ പറയുന്ന കടലാസുകൾ മേശപ്പുറത്തു വയ്ക്കുന്നു:

(i) 1978 ഡിസംബർ 16 -ാം തീയതിയിലെ ജി. ഒ. (എം). എസ്. നമ്പർ 551/78 ജി. എ. ഡി. (എസ്, ആർ. ഒ. നമ്പർ 38/79).

LIBRARY ARCHIVES Kerala Legislative Assembly

(ii) 1979 ജനുവരി 4-ാം തീയതിയിലെ ജി. ഒ. (എം. എസ്.) നമ്പർ 17/79/ജി. എ. ഡി. (എസ്. ആർ. ഒ. നമ്പർ 130/79.)

(iii) 1979 ജനുവരി 5-ാം തീയതിയിലെ ജി. ഒ. (എം. എസ്.) നമ്പർ 27/79/ജി. എ. ഡി. (എസ്. ആർ. ഒ. നമ്പർ 123/79).

(iv) 1979 ജനുവരി 17-ാം തീയതിയിലെ ജി. ഒ. (എം. എസ്.) നമ്പർ 50/79/ജി. എ. ഡി. (എസ്. ആർ. ഒ. നമ്പർ 167/69).

(v) 1979 ജനുവരി 22-ാം തീയതിയിലെ ജി. ഒ. (പി.) നമ്പർ 63/79/ജി. എ. ഡി. (എസ്. ആർ. ഒ. നമ്പർ 196/79).

മരാമത്തും സ്പോർട്സും വകുപ്പു മന്ത്രി (ശ്രീ. കെ. പങ്കജാക്ഷൻ)

സർ, ഞാൻ താഴെ പറയുന്ന കടലാസുകൾ മേശപ്പുറത്തു വയ്ക്കുന്നു.

(1) 1978 ആഗസ്റ്റ് 23-ാം തീയതിയിലെ ജി. ഒ. (പി.) 228/78/എ. ഡി. (എസ്. ആർ. ഒ. നമ്പർ 68/79)

(2) കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ ക്ലിപ്തത്തിന്റെ 1976-77 വർഷത്തെ മൂന്നാം വാർഷിക റിപ്പോർട്ടും ബാലൻസ്ഷീറ്റും റിവ്യൂ സഹിതം.

ആഭ്യന്തര വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): സർ, താഴെ പറയുന്ന കടലാസുകൾ മേശപ്പുറത്തു വയ്ക്കുന്നു.

(1) 1979 ജനുവരി 10-ാം തീയതിയിലെ വിജ്ഞാപനം നമ്പർ 11216/ഇ. എൽ. 1/77/ഇലക്ഷൻ.

(2) 1977 നവമ്പർ 3-ാം തീയതി തിരുവനന്തപുരം സെൻട്രൽ ജയിലിൽ ഉണ്ടായ സംഭവങ്ങളെ സംബന്ധിച്ച അന്വേഷണ റിപ്പോർട്ട്.

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

സർ, താഴെ പറയുന്ന കടലാസ്സുകൾ മേശപ്പുറത്തു വയ്ക്കുന്നു.

(1) 1978 നവമ്പർ 24-ാം തീയതിയിലെ വിജ്ഞാപനം നമ്പർ 5035/ബി 2/78-2/ ഹയർ എഡ്യൂക്കേഷൻ (എസ്. ആർ. ഒ. നമ്പർ 75/79).

(2) 1978 നവംബർ 24-ാം തീയതിയിലെ വിജ്ഞാപനം നമ്പർ 5035/ബി2/78-1/ഹയർ എഡ്യൂക്കേഷൻ (എസ്. ആർ. ഒ. നമ്പർ 91/79).

(3) 1979 ജനുവരി 17-ാം തീയതിയിലെ ജി. ഒ. (പി.) 9/79/എൽ. എ. ആൻറ് എസ്. ഡബ്ലിയു. ഡി. (എസ്. ആർ. ഒ. നമ്പർ 191/79).

(4) കേരള അർബൻ ഡെവലപ്മെൻറ് ഫിനാൻസ് കോർപ്പറേഷൻ ക്ലിപ്തത്തിന്റെ 1977-78 വർഷത്തെ 8-ാം വാർഷിക റിപ്പോർട്ട്, റിവ്യൂ സഹിതം.

ഗതാഗത വകുപ്പു മന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്): സർ, ഞാൻ താഴെ പറയുന്ന കടലാസ്സുകൾ മേശപ്പുറത്തു വയ്ക്കുന്നു.

(1) 1979 ജനുവരി 1-ാം തീയതിയിലെ ജി. ഒ. (പി.) നമ്പർ 1/79/ഹയർ എഡ്യൂക്കേഷൻ (എസ്. ആർ. ഒ. നമ്പർ 55/79).

LIBRARY ARCHIVES Kerala Legislative Assembly